## ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്സ്കൂൾ ഫോർ ഗേൾസ് കാഞ്ഞങ്ങാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല - കാസറഗോഡ്
2. സ്കൂൾ കോഡ് - 12061
3. സ്കൂളിന്റെ പേര് - ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ് കാഞ്ഞങ്ങാട്
4. മേൽവിലാസം - കാഞ്ഞങ്ങാട്.പി.ഒ, കാസറഗോഡ്
5. പിൻകോഡ് - 671315
6. ഫോൺനമ്പർ - 04672200760
7. യുഡൈസ് കോഡ് - 32010500132
8. ഇ-മെയിൽ അഡ്രസ്സ് - 12061grfths@gmail.com
9. മുനിസിപ്പാലിറ്റി - കാഞ്ഞങ്ങാട്
10. വിദ്യാഭ്യാസജില്ല - കാഞ്ഞങ്ങാട്
11. ഉപജില്ല - ഹോസ്ദുർഗ്
12. ബി.ആർ.സി - ഹോസ്ദുർഗ്
13. ക്ലാസുകൾ - 8 മുതൽ 10 വരെ
14. പഠനമാധ്യമം - മലയാളം

# ആമുഖം

മതനിരപേക്ഷ ജനാതിപത്യ വിദ്യാഭ്യാസത്തെ സംരക്ഷിക്കുവാൻ വേണ്ടി സംസ്ഥാന സർക്കാർ ആരംഭിച്ച ബഹുജന പരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിച്ച് പ്രാവർത്തികമാക്കിയാൽ മാത്രമേ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയൂ. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്. ഓരോ കുട്ടിയുടെയും അറിവും കഴിവും കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്കെത്തിച്ചാൽ മാത്രമേ ഈ ലക്ഷ്യം കൈവരുത്തുവാൻ കഴിയൂ. അതുതന്നെയാണ് കുട്ടിയുടെ സമഗ്രവികസനവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന നിർവ്വചനത്തിന്റെ ഉള്ളടക്കവും. വൈവിധ്യമാർന്ന ആസൂത്രണങ്ങളിലും തനിമയാർന്ന പ്രവർത്തനങ്ങളിലും ഊന്നി പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തനുള്ള മാർഗ്ഗരേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.

കേരളത്തിലെ തീരദേശങ്ങളിൽ തിങ്ങിപ്പാർക്കുന്നവരും നിർധനരുമായ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതി ലക്ഷ്യം വെച്ച് ഫിഷറീസ് വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളിൽ ഒന്നാണ് ഗവൺമെൻറ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ ഫോർ ഗേൾസ് കാഞ്ഞങ്ങാട്. 2002 ൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം പെൺകുട്ടികൾക്ക് മാത്രമായുള്ളതാണ്.

എട്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ നാൽപത് വീതം പെൺകുട്ടികൾക്കാണ് ഇവിടെ പഠനത്തിൽ സൗകര്യമൊരുക്കിയിരിക്കുന്നത്. 2002 ൽ ചെറുവത്തൂരിലും 2003 മുതൽ 2010 വരെ കാഞ്ഞങ്ങാടും താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വന്ന വിദ്യാലയത്തിന് കാഞ്ഞങ്ങാട് മീനാപ്പീസ് എന്ന സ്ഥലത്ത് സ്ഥിരമായ ക്ലാസ്സ് റൂം, ഹോസ്റ്റൽ സൗകര്യം 2011 ജനുവരി 15 ന് നിലവിൽ വന്നു. 2015 ൽ പുതിയ അക്കാദമിക് ബ്ലോക്ക് ഉദ്ഘാടനം ചെയ്യപ്പെട്ടു.

**പ്രവേശനം**

ഒരു ക്ലാസ്സിൽ പരമാവധി നാൽപത് പെൺകുട്ടികൾക്കാണ് ഇവിടെ പഠനത്തിൽ സൗകര്യം ഒരുക്കിയിരിക്കുന്നത്. അപേക്ഷകർ നാൽപത് അധികരിക്കുന്ന പക്ഷം പ്രവേശന പരീക്ഷയിലൂടെ പ്രവേശനം പരിമിതപ്പെടുത്തി വരുന്നു. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഹോസ്റ്റലിൽ താമസിച്ചു പഠിക്കാനുള്ള കുട്ടികളുടെ താല്പര്യക്കുറവ് കാരണം പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നു. മാറിവരുന്ന കാലഘട്ടത്തിൽ കുട്ടികളെ സ്ക്കൂളിലേക്ക് ആകർഷിക്കാനുതകുന്ന രീതിയിലുള്ള പ്രവർത്തനം കാഴ്ചവെക്കേണ്ടതുണ്ട്. ഫിഷറീസ് വകുപ്പ് ഇതിന് വേണ്ടി ചില തയ്യാറെടുപ്പുകൾ നടത്തിവരുന്നു. കണ്ണൂർ, കാസർകോട് ജില്ലയിലുള്ള കുട്ടികളാണ് ഇവിടെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നത്. 2025-26 അധ്യയനവർഷം എട്ടാം തരത്തിൽ 13 ഉം ഒൻപതാം തരത്തിൽ 20 ഉം , പത്താം തരത്തിൽ 29 ഉം എന്നിങ്ങനെ ആകെ 62 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

നമ്മുടെ സ്കൂളിൽ പ്രധാനാധ്യാപകൻ ഉൾപ്പെടെ 6 അധ്യാപക തസ്തികളാണുള്ളത്. ഇതുകൂടാതെ ഓഫീസ്, ഹോസ്റ്റൽ എന്നിവയുടെ പ്രവർത്തനത്തിനുമായി എട്ട് ജീവനക്കാരും ജോലിചെയ്തുവരുന്നു.

**<u>അധ്യാപകരും മറ്റ് ജീവനക്കാരും</u>**

| തസ്തിക | ജീവനക്ക ാരുടെ എണ്ണം | സ്ഥിരം/ താത്കാലികം | റിമാർക് സ് |
|---|---|---|---|
| ഹെഡ്മാസ്റ്റർ | 1 | സ്ഥിരം | |
| എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് | 1 | സ്ഥിരം | |
| എച്ച്.എസ്.ടി ഗണിതം | 1 | സ്ഥിരം | |
| എച്ച്.എസ്.ടി ഹിന്ദി (പാർട്ട് ടൈം) | 1 | സ്ഥിരം | |
| എച്ച്.എസ്.ടി മലയാളം (പാർട്ട് ടൈം) | 1 | സ്ഥിരം | |
| എച്ച്.എസ്.ടി സോഷ്യൽ സയൻസ് | 1 | സ്ഥിരം | |
| എച്ച്.എസ്.ടി(കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) | 1 | താത്കാലികം | |
| അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | സ്ഥിരം | |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 | സ്ഥിരം | |
| ഓഫീസ് അസിസ്റ്റന്റ് | 1 | സ്ഥിരം | |
| വാച്ച്മാൻ | 1 | സ്ഥിരം | |
| കുക്ക് | 1 | സ്ഥിരം | |
| കുക്ക് | 1 | താത്കാലികം | |
| വാർഡൻ | 1 | താത്കാലികം | |
| കെയർടേക്കർ | 1 | താത്കാലികം | |
| കൗൺസിലർ | 1 | താത്കാലികം | |

**<u>സ്ക്കൂൾ  പരീക്ഷ ഫലം</u>**

2004 മുതൽ  തുടർച്ചയായി  എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയിട്ടുണ്ട്. 2025 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയിലും നൂറ് ശതമാനം വിജയം നിലനിർത്താൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ആകെ പരീക്ഷയെഴുതിയ 28 കുട്ടികളിൽ  മൂന്ന് കുട്ടികൾ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും മറ്റ് കുട്ടികൾക്ക് ഉയർന്ന ഗ്രേഡുകളും നേടിയിട്ടുമുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഇത്തരം പത്ത് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം,അക്കാദമിക മികവ് എന്നിവ കണക്കിലുടെത്ത് ഈ വിദ്യാലയം ഒന്നാം സ്ഥാനത്ത് നിൽക്കുന്നതായി വകുപ്പ് തലത്തിൽ വിലയിരുത്തിയിട്ടുണ്ട്.

**<u>കാഴ്ചപ്പാട്</u>**

- നമ്മുടെ സാംസ്കാരികവും സാമൂഹികവും സർഗ്ഗാത്മകവും കാർഷീക വുമായ പാരസ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാമൂല്യങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ ഉതകും വിധം എല്ലാ കുട്ടിക ൾക്കും വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ ഒരുക്കാൻ കഴിയുക.

- ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ പൊതുധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ട ഒരു സമൂഹത്തെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക.

- 10 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസനപദ്ധതി തയ്യാറാക്കി വിദ്യാല യത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക.

- ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ടെന്നുറപ്പാക്കൽ.

- പഠിതാക്കൾക്ക് പഠനത്തിൽ താൽപര്യം ജനിപ്പിക്കാനുതകുന്ന ആർഷക മായ വിദ്യാലയ പരിസരം ഒരുക്കൽ.

- ഇലക്ട്രോണിക് യുഗത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ട് അഡ്വാൻസ്ഡ് ആയ സാങ്കേതിക വിജ്ഞാനം പഠിതാക്കൾക്ക് നൽകുക.

- 8 മുതൽ 10 വരെയുള്ള എല്ലാ കുട്ടികളുടെയും സർഗ്ഗ ക്രിയാശേഷികളെ പരിപോ ഷിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുക.

- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.

- ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുക.

- പാരിസ്ഥിതിക അവബോധം വളർത്തി തന്റെ കാൽക്കീഴിലുള്ള മണ്ണിനെ മലിനമാക്കാതെ താൻ കുടിക്കുന്ന വെള്ളത്തെ വിഷമയമാക്കാതെ താൻ ശ്വസിക്കുന്നവായുവിൽ കറുപ്പ് പടരാതെ ലളിതജീവിതം നയിക്കാൻ പ്രാപ്തനാക്കുക.

- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുക.

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി ഭാവിയിലെ സക്രിയരായ തലമുറയെ വാർത്തെടുക്കുക.

- വ്യക്തി ശുചിത്വം

## മേഖല - ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.പ്രീ ടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4.അക്ഷര കാർഡ് നൽകൽ<br>5.വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8.ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥയെഴുതൽ<br>10.ഭാരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 മാസം ആഗസ്റ്റ് സെപ്റ്റംബർ | പുസ്തകങ്ങൾ ചിത്രങ്ങൾ | പിടിഎ, അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3.സമഗ്ര സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7.വായനാനുഭവം<br>8.വായനാക്കുറിപ്പ് പതിപ്പ്<br>9.വിദ്യാരംഗം വായനാവേദി പ്രവർത്തനം<br>10.ദിനാചരണം<br>11.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12.ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന, 14.ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇൻറർനെറ്റ്, കമ്പ്യൂട്ടർ | പിടിഎ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1.എഴുത്തുകൂട്ടം രൂപീകരണം<br>2.പുസ്തക ചർച്ച<br>3.വായനാക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5.ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന സംഘ രചന<br>8.ഭാഷ പ്രൊജക്ട്<br>9.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10.സാഹിത്യ – സാംസ്കാരിക – ചിത്ര – ഗാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോകൾ | പിടിഎ, അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ | 1.പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുക<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം ജൂലൈ TO ഡിസംബർ | ഓഡിയോ , വീഡിയോ | ട്രെയിനർ, അധ്യാപകർ |

**മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ. | ഇംഗ്ലീഷ് ലൈബ്രറി, ഇംഗ്ലീഷ് കോർണർ, ഇംഗ്ലീഷ് കാർട്ടൂൺ, ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ന്യൂസ് പേപ്പർ, കോപ്പിറൈറ്റിംഗ്, ഹാൻഡ് റൈറ്റിംഗ് കോമ്പറ്റീഷൻ, ഡയറി റൈറ്റിംഗ്, ഇംഗ്ലീഷ് ക്വിസ്, ഇംഗ്ലീഷ് ക്ലബ്ബ് ശക്തിപ്പെടുത്തൽ. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകൻ | പിടിഎ |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക അവതരണശേഷി പോഷണം. | റോൾപ്ലേ, ഡ്രാമ, സ്കിറ്റ്, സിനിമ ഡോക്യുമെന്ററി, സെമിനാർ, കൊറിയോഗ്രാഫി, സ്ക്രിപ്റ്റ് റൈറ്റിംഗ്, ഇംഗ്ലീഷ് ഡേ സെലിബ്രേഷൻ. | ജൂലൈ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകൻ | പിടിഎ |
| **സർഗാത്മകത** കവിതാലാപനത്തിനും കവിതകൾ പ്രാപ്തരാക്കുന്നു. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | ഇംഗ്ലീഷ് കവിതകൾ കേൾക്കുവാനുള്ള അവസരം, കവിതാലാപന മത്സരം, കവിതാ രചന മത്സരം, ശില്പശാല, ആസ്വാദനക്കുറിപ്പുകൾ, ബുക്ക് റിവ്യൂ, മാഗസിനുകൾ, ക്രിയേറ്റീവ് കോർണർ, സർഗ്ഗ വേളകളിൽ അവതരണം, ക്ലാസ്സ് ലൈബ്രറി ബുക്സ്, റഫറൻസ് ബുക്സ് , ന്യൂസ് പേപ്പർ റീഡിങ്, റസ്റ്റോറി റൈറ്റിംഗ്, സിമ്പിൾ ഗെയിംസ്, അനൗൺസ്മെൻറ്, സ്പീച്ച്, ന്യൂസ് റീഡിങ്. | ജൂലൈ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകൻ | പിടിഎ |

| | | | | |
|---|---|---|---|---|
| ആസ്വാദനം | ഫിലിം ഫെസ്റ്റ്, ഡ്രാമ ഫെസ്റ്റ്, ലിറ്ററി ടൂർ, പഠനോത്സവം | സെപ്റ്റംബർ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകൻ | പിടിഎ |
| ഇംഗ്ലീഷ് ഭാഷാ വികസനത്തിന് ഐസിടിയുടെ ഉപയോഗം | ഫിലിം  ഡോക്യുമെൻററി വീഡിയോ കോൺഫറൻസ് | ജനുവരി ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | പിടിഎ |
| സംവാദ ക്ലാസുകൾ സംഘടിപ്പിക്കുക | എഴുത്തുകാരുമായുള്ള അഭിമുഖവും സംവാദവും | ജനുവരി ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | പിടിഎ |

**മേഖല – ഹൈസ്കൂൾ – ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥ കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകൻ | |
| 2. മാതൃഭാഷ കൈകാര്യം ചെയ്യുന്നത് പോലെ ഹിന്ദിയും കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകൻ | |
| 3. വിവർത്തകർ വായനക്കാർ തുടങ്ങിയ ജോലി സാധ്യതക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി മാതൃഭാഷയായ പ്രദേശങ്ങളിലേക്ക് പഠന യാത്ര സംഘടിപ്പിക്കുന്നു<br><br>പ്രശസ്ത ജനലിസ്റ്റുകളുമായുള്ള അഭിമുഖം | അക്കാദമിക വർഷം | ഹിന്ദി അധ്യാപകൻ | രക്ഷിതാക്കൾ ,പി ടി എ |

## മേഖല – സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | പദ്ധതി/ ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ചരിത്രാവബോധം വളർത്തുക | ചരിത്ര പ്രാധാന്യമുള്ള വീഡിയോകൾ പ്രദർശിപ്പിക്കുക, പാഠഭാഗവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് യാത്രകൾ സംഘടിപ്പിക്കുക | നിശ്ചയിച്ച തീയ്യതികളിൽ | 10000/- | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2 | ആനുകാലിക പ്രസക്തിയുള്ള സാമൂഹ്യശാസ്ത്ര വിഷയങ്ങളെക്കുറിച്ച് അവബോധം | ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം/ സെമിനാർ | അക്കാദമിക വർഷം | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3 | മോക്ക് പാർലമെന്റ് | *ശരിയായ പാർലമെന്ററി പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികൾക്ക് ധാരണയുണ്ടാക്കുക<br>*സ്കൂൾ ഇലക്ഷൻ സമയബന്ധിതമായും ചിട്ടയായും നടത്തുക *സ്കൂൾ പാർലമെന്റ് രൂപീകരണം | 3 എണ്ണം<br>*ഓണക്കാല സമ്മേളനം<br>*ക്രിസ്തുമസ് സമ്മേളനം *<br>വേനൽക്കാല സമ്മേളനം | 2000/- | S.R.G. ,സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 4 | ജനാധിപത്യം ഒരു ജീവിത രീതിയാക്കി വളർത്തുക | സേവനപ്രവർത്തനങ്ങൾ നടത്തുക | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5 | സാമൂഹ്യശാസ്ത്ര പഠനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ | പുസ്തകങ്ങൾ , ഐ.സി.ടി , സ്കൂൾ ലൈബ്രറി തുടങ്ങിയവ ഉപയോഗപ്പെടുത്തിക്കൊണ്ട് സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ കാര്യക്ഷമമാക്കുക | അക്കാദമിക വർഷം | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6 | സ്ഥാന നിർണ്ണയത്തിൽ ഭൂപട വായനയുടെ പ്രസക്തി കുട്ടികളിൽ ബോധ്യമാക്കുക | അറ്റ്ലസ് മാപ്പ് , ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു. സ്വന്തം പ്രദേശത്തിന്റെ ഭൂപടം തയ്യാറാക്കുന്നു | അക്കാദമിക വർഷം | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 7 | സാമൂഹ്യ പ്രശ്നങ്ങളെ സാമൂഹ്യശാസ്ത്ര ക്ലാസ്സ് മുറികളുമായി ബന്ധപ്പെടുത്തി പൊതുവിജ്ഞാനം വളർത്തുക | സമകാലിക പ്രശ്നങ്ങൾ ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ ഭാഗമാക്കുക | അക്കാദമിക വർഷം | | സാമൂഹ്യശാസ്ത്ര അധ്യാപകർ |

**മേഖല – ഹൈസ്കൂൾ – സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജൈവ വൈവിധ്യ സംരക്ഷണം | വിവരശേഖരണം, ചെടികൾ കണ്ടെത്തുന്നു, നട്ടുവളർത്തുന്നു, സസ്യപരിപാലനം, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ -സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ , ഹരിത കർമ്മ സേന | പിടിഎ |
| 2. ശാസ്ത്ര കൗതുകം – കുട്ടികളുടെ കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ നിർമ്മാണവും പ്രദർശനവും മെച്ചപ്പെട്ടവ സ്കൂൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമികവർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 3. ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്ന | സ്കൂളിൽ സെമിനാർ അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കി മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമികവർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 4. ഹൈടെക് വേൾഡ് – മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | സയൻസ്, ഐടി ലാബ് ഇവ ആധുനികവൽക്കരിക്കുന്നു. ശാസ്ത്ര മാസികകൾ വായിക്കാനും ആധുനിക ശാസ്ത്രത്തിന്റെ വളർച്ചകൾ മനസ്സിലാക്കാനും കുട്ടികൾക്ക് അവസരം നൽകുക. ശാസ്ത്രസംഭാവനകൾ, പ്രതിഭാസങ്ങൾ കണ്ടുപിടിത്തങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി നിർമ്മിച്ച ശ്രദ്ധേയമായ സിനിമകളുടെ പ്രദർശനം | അക്കാദമി വർഷം | സയൻസ് അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| 5. വൈജ്ഞാനിക ബഹിർസ്ഫുരണം - അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ | പുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. ശാസ്ത്രകാരന്മാരുമായി സംവദിക്കൽ. ആനുകാലികശാസ്ത്ര വാർത്തകളെ അടിസ്ഥാനമാക്കി സ്കൂൾ തലത്തിൽ ക്വിസ് മത്സരങ്ങൾ നടത്തുന്നു | അക്കാദമി വർഷം | സയൻസ് അധ്യാപകർ | പിടിഎ |

**മേഖല – ഹൈസ്കൂൾ – ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതിയ പ്പെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ | പി ടി എ |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ് | പി ടി എ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകൻ, സംഘത്തലവൻ | |
| 6. അധ്യാപകർ കാലാനുസൃതമായി ചെയ്തു വരുന്ന ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികൾ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ , ചർച്ചകൾ, വർക്ക് ഷീറ്റ് നൽകൽ, പാഠാസൂത്രണം, ക്ലാസ് ടെസ്റ്റ് എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമി വർഷം തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | കുട്ടികൾ, അധ്യാപകർ, സമീപപ്രദേശങ്ങളിൽ അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ, ഇവരുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന ശില്പശാല, പ്രദർശനം തുടങ്ങിയവ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ് |

| | | | | |
|---|---|---|---|---|
| 8. ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9. ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | ജൂൺ - ആഗസ്റ്റ് | ക്ലബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ പിടി നടത്തുന്ന ചുമതലകൾ നൽകുന്നു | ഓരോ മാസവും | അധ്യാപകർ, പിടിഎ പ്രസിഡന്റ്, എച്ച്.എം | പിടിഎ |